കേരള സർക്കാർ
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, രാമവർമ്മപുരം പി.ഒ
തൃശ്ശൂർ, കേരളം – 680009.
ഇ – മെയിൽ : principal@gectcr.ac.in, വെബ് സൈറ്റ്:www.gectcr.ac.in
Ph. No:0487-2334144 (ഓഫീസ് ), 0487-2334590 (പ്രിൻസിപ്പാൾ)

നമ്പർ: സി2/2275/2024 തീയതി: 24/09/2024

# നോട്ടീസ്

ഈ സ്ഥാപനത്തിലെ B.Tech/B.Arch/MCA/M.Tech/B.Tech Lateral Entry എന്നീ കോഴ്സുകളിലേയ്ക്കും, മൂന്നാം സെമസ്റ്ററിലെ സ്ഥാപനമാറ്റം വഴിയും 2024-25 അക്കാദമിക് വർഷത്തിൽ അഡ്മിഷൻ എടുത്ത താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് ഇ -ഗ്രാന്റ് (E-Grantz) സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്.

- SC/ST/OEC എന്നീ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കു വരുമാന പരിധി ബാധകമല്ലാത്തതിനാൽ ഇവർ ഇ -ഗ്രാന്റ് (E-Grantz) സ്കോളർഷിപ്പിന് നിർബന്ധമായും അപേക്ഷിയ്ക്കേണ്ടതാണ്. ടി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്ഥാപനത്തിൽ സർക്കാർ ഫീസിനത്തിൽ അടയ്ക്കേണ്ട തുകകൾ (Tuition Fees, Special Fees, Admission Fees, Exam Fees മുതലായവ) നേരിട്ട് ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് ഇ -ഗ്രാന്റ് (E-Grantz) മുഖേന ലഭ്യമാകുന്നതിനാൽ ടി വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ സർക്കാർ ഫീസുകൾ കൃത്യ സമയത്ത് തന്നെ DIGIPAY ONLINE PAYMENT PORTAL വഴി അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഹെഡ് അക്കൌണ്ടന്റുമായി ബന്ധപ്പെടാവുന്നതാണ്.

- 23/05/2014 തീയതിയിലെ സ.ഉ. (എം.എസ് ) നമ്പർ. 10/2014/പിസവിവ. സർക്കാർ ഉത്തരവ് പ്രകാരം, പിന്നാക്ക സമുദായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാണിക-വൈശ്യ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾക്കും, ഒ.ബി.എച്ച് - ൽ (OBC- H) ഉൾപ്പെട്ട 30 ഇതര സമുദായങ്ങൾക്കും, വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി ഒ.ഇ.സി (OEC) വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ ഇ -ഗ്രാന്റ് (E-Grantz) സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

- ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള OBC, GENERAL എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഇ -ഗ്രാന്റ് (E-Grantz) സ്കോളർഷിപ്പിന് അപേക്ഷിയ്ക്കാവുന്നതാണ്.

- ഇ -ഗ്രാന്റ് (E-Grantz) സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷ അക്ഷയ കേന്ദ്രങ്ങൾ മുഖേന സമർപ്പിയ്ക്കാവുന്നതാണ്. അപേക്ഷ ഓൺലൈൻ മുഖേന ഇ -ഗ്രാന്റ് (E-Grantz) വെബ് സൈറ്റിൽ സമർപ്പിച്ച ശേഷം അപ്ലോഡ് ചെയ്ത രേഖകളുടെ പകർപ്പ് സഹിതം [Allotment Memo, Caste Certificate, Income Certificate, Bank Pass Book & Hostel Inmates Certificate (For College Hostel) etc.] അപേക്ഷ ഓഫീസിൽ അക്കാദമിക് (സി2) സെക്ഷനിൽ സമർപ്പിയ്ക്കേണ്ടതാണ്.

പ്രിൻസിപ്പാൾ
PRINCIPAL
GOVT. ENGG. COLLEGE
THRISSUR.

പകർപ്പ്.

1. എല്ലാ വിദ്യാർത്ഥികളുടെയും അറിവിലേയ്ക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും.
3. പിജി ഡീൻ /യുജി ഡീൻ
4. സ്റ്റുഡന്റ് നോട്ടീസ് ബോർഡ്.
5. കോളേജ് വെബ് സൈറ്റ്.

GOVERNMENT ENGINEERING COLLEGE
Date:.....................
THRISSUR - 680009